**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2925** **22.6.2012-ൽ മറുപടിക്ക്**

**വിളപ്പിൽശാലയിൽ മാലിന്യ സംസ്കരണ ഫാക്ടറി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) വിളപ്പിൽശാലയിൽ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം നഗരസഭയുടെ മാലിന്യ സംസ്കരണ ഫാക്ടറി പ്രവർത്തിപ്പിക്കാൻ നിർദ്ദേശം നൽകിക്കൊണ്ടുള്ള സുപ്രീംകോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ ;<br><br>സി) പ്രസ്തുത കോടതി ഉത്തരവ് നടപ്പിലാക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;<br><br>ഡി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയത് സുപ്രീംകോടതി വിധിയുടെ ലംഘനവും കോടതി അലക്ഷ്യവും ആണ് എന്നത് അറിവുള്ളതാണോ ? | ബി) സി) & ഡി) ഹൈക്കോടതി വിധിക്കുശേഷം സർക്കാർ തലത്തിൽ വിളപ്പിൽ പഞ്ചായത്തുമായും, വിളപ്പിൽശാല സമരസമിതിയുമായും സമാധാനപരമായി വിധി നടപ്പാക്കുന്നതിന് ചർച്ചകൾ നടത്തി. ചർച്ചകൾ പരാജയപ്പെട്ടതിനെ തുടർന്ന് 2012 ഫെബ്രുവരി 13 ന് പോലീസ് സംരക്ഷണത്തോടെ നഗരസഭയിൽ നിന്നുമുള്ള മാലിന്യം വിളപ്പിൽശാലയിലേക്ക് കൊണ്ടു പോകാൻ ശ്രമം നടത്തിയെങ്കിലും ജനങ്ങളുടെ ശക്തമായ പ്രതിരോധം മൂലം പ്രസ്തുത ശ്രമം പരാജയപ്പെട്ടു. ഹൈക്കോടതി മീഡിയേഷൻ സെന്റർ മുഖാന്തിരമുള്ള മദ്ധ്യസ്ഥ ചർച്ചകൾ വഴി ഉത്തരവ് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ